**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** **07-10-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകന്ദൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയുന്നതിന് പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്ത-ത്തോടെ ശക്തമാക്കുന്നതിന്റെ ആവശ്യകത വിശക-ലനം ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ ശ്രമങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ എല്ലാം തന്നെ പൊതുജനപങ്കാ-ളിത്തം ഉറപ്പാക്കി ജനകീയമാക്കുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ മാത്രം ഉത്തരവാദിത്വം എന്ന കാഴ്ചപ്പാടിൽ നിന്നും മാറി വിവിധ വകുപ്പുകളുടേയും പൊതുജനങ്ങളു-ടേയും പങ്കാളിത്തത്തോടെ കൂട്ടായ പരിശ്രമങ്ങൾ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷത്തെ സ.ഉ. (കൈ) നം. 4/2024/DMD തീയതി 07/03/2024 പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപി-ച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങളും ലഘൂകരണ പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വിവിധ തലങ്ങളിലുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തലത്തിൽ മന്ത്രിതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തലത്തിൽ വിവിധ വകുപ്പ് സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥതല സമിതി, ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതികൾ, പഞ്ചായത്ത് തല പ്രാദേശിക സമിതികൾ/ ജനജാഗ്രതാ സമിതികൾ (പഞ്ചായത്ത് അധികൃതർ, വിവിധ വകുപ്പുകളുടെ പ്രാദേശികതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക |

| | | | |
|---|---|---|---|
| | | | പ്രതിനിധികൾ അംഗങ്ങൾ ആയ)സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇവ സമയാസമയം യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിശ്ചയിച്ച്നൽകുകയും ചെയ്തുവരുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണം കണ്ടെത്തുന്നതും പൊതുജന പങ്കാളിത്തത്തോടെ വിവിധ സംഘർഷ ലഘൂകരണ/നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അടങ്ങുന്ന വിഷയാധിഷ്ഠിതമായ 10 മിഷനുകൾക്ക് സ.ഉ.(കൈ) നം.8/2025/വനം തീയതി 26/02/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത മിഷനുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.<br><br>കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള 45 ദിവസം നീളുന്ന ഒരു ജനകീയ മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞവും സംസ്ഥാനത്ത് ഇപ്പോൾ നടന്നു വരുന്നു. |
| (ബി) | ആവാസ വ്യവസ്ഥയെ ബാധിക്കാത്ത വിധം വന്യജീവി പ്രതിരോധം ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധരായ പ്രദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രാഥമിക പ്രതികരണ സേനകളെ (പ്രൈമറി റെസ്പോൺസ് ടീം) രൂപീകരിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (ബി) | തുടക്കംകുറിച്ചിട്ടുണ്ട്<br>മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണം കണ്ടെത്തുന്നതും പൊതുജന പങ്കാളിത്തത്തോടെ വിവിധ സംഘർഷ ലഘൂകരണ/നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അടങ്ങുന്ന വിഷയാധിഷ്ഠിതമായ 10 മിഷനുകൾക്ക് സ.ഉ. (കൈ) നം. 8/2025/വനം തീയതി 26/02/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൽഉൾപ്പെട്ട ഒരുമിഷൻ ആണ്പ്രൈമറിറസ്പോൺസ്ടീം (PRT). പ്രസ്തുത മിഷനുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ പരിശീലനം സിദ്ധിച്ച പരിചയ സമ്പന്നരായ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ചിട്ടയായ സംഘർഷലഘൂകരണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി സന്നദ്ധ പ്രാഥമിക പ്രതികരണ സേന അഥവാ Primary Response Team (PRT) കൾ രൂപികരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തി സംഘർഷാവസ്ഥ നിയന്ത്രണ വിധേയമാക്കുന്നതിനായി രൂപീകരിച്ച PRT കളിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റീയർമാർ, പഞ്ചായത്തുതല ജൈവ വൈവിധ്യ- |

| | | | |
|---|---|---|---|
| | | | പരിപാലന സമിതി അംഗങ്ങൾ (BMC),സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്./ ഇ.ഡി.സി. അംഗങ്ങൾ, തുടങ്ങിയവരുണ്ടാകും. ജനജാഗ്രത സമിതിയുടെ നിർദ്ദേശാനുസരണമായിരിക്കും ഇവരെ ഉൾപ്പെടുത്തി PRT കൾക്കു രൂപം നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സന്നദ്ധസേനാ അംഗങ്ങളുടെ പങ്കാളിത്തവും സഹകരണവുംPRT യിൽ ഉറപ്പുവരുത്തുന്നതാണ്. PRT യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, പ്രകൃതദത്തതടസ്സങ്ങൾ, പകരസാധ്യതകൾ (alternatives), സാമൂഹിക സ്ഥിതി, ദുരന്തമുഖത്തെ രക്ഷാമാർഗ്ഗങ്ങൾ (exit routes) തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. ഘട്ടംഘട്ടമായി മനുഷ്യ-വന്യജീവി സംഘർഷം നിലവിലുള്ള എല്ലാ മേഖലകളിലും PRT കൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും.നിലവിൽ വിവിധ പഞ്ചായത്തുകളിലായി 327 പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.PRT അംഗങ്ങളുടെ പരിശീലനങ്ങളും അടയാള വിതരണവും 31/8/2025 ൽ കോഴിക്കോട് നടന്ന പരിപാടിയിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |
| (സി) | വനം വകുപ്പിന്റെ ദ്രുതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പി. ആർ. ടി. -കളുടെ പ്രവർത്തനം സഹായകമാകുമോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് നിലവിൽ 28 സ്ഥിരം ആർ.ആർ.ടി.കളും 11 സാറ്റലൈറ്റ് ആർ.ആർ.ടി.കളും വിന്യസിച്ചിട്ടുണ്ട്. എന്നാൽ ജനവാസമേഖലയിൽ വന്യമൃഗ സാന്നിദ്ധ്യം ഉണ്ടായാൽ സ്ഥലത്തിന്റെ പ്രത്യേകതകളും ആർ.ആർ.ടി. കേന്ദ്രത്തിന്റെ അകലവും മറ്റും പരിഗണിച്ച് സംഘർഷ ബാധിത പ്രദേശത്ത് ആർ.ആർ.ടി.ക്ക് ഉടൻ എത്തിച്ചേരാൻ സാധിച്ചു എന്നുവരില്ല. കൂടാതെ എല്ലായ്പ്പോഴും സംഘർഷ ബാധിത പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും ഘടനാപരവുമായ പ്രത്യേകതകൾ ആർ.ആർ.ടി. അംഗങ്ങൾ അറിഞ്ഞിരിക്കണമെന്നുമില്ല. ഇത്തരം സാഹചര്യങ്ങളിൽ പ്രദേശവാസികളുടെ സന്നദ്ധ സേനയായ പ്രൈമറി റെസ്പോൺസ് ടീമിന് ആർ.ആർ.ടി.കളെ ഫലപ്രദമായി സഹായിക്കാനാകും. വന്യമൃഗ സാന്നിദ്ധ്യം തിരിച്ചറിയുന്നതു മുതൽ ആർ.ആർ.ടി. എത്തിച്ചേരുന്നതുവരെ പൊതുജനങ്ങൾക്ക് അപകടമുണ്ടാകാതെ മുന്നറിയിപ്പ് നൽകുന്നതിനും വന്യമൃഗങ്ങളിൽ നിന്നും സുരക്ഷിത അകലം പാലിച്ച് മുൻകരുതൽ സ്വീകരിക്കുന്നതിനും പ്രൈമറി റെസ്പോൺസ് ടീമിനു കഴിയും. കൂടാതെ ആർ.ആർ.ടി. |

| | | | |
|---|---|---|---|
| | | | എത്തിച്ചേരുമ്പോൾ, അതാത് പ്രദേശത്തിന്റെ പ്രത്യേകതകൾ ആർ.ആർ.ടി.ക്ക് വിവരിച്ച് അപകടസാധ്യതകൾ ഒഴിവാക്കുവാനും ആർ.ആർ.ടി.യ്ക്ക് സഹായകരമാകുന്ന രീതിയിൽ പ്രദേശവാസികളോട് ആശയവിനിമയം നടത്തി അപകടസാഹചര്യം ഒഴിവാക്കുന്നതിനും പ്രൈമറി റെസ്പോൺസ് ടീമുകൾക്ക് കഴിയും. കൂടാതെ എല്ലാ പ്രൈമറി റെസ്പോൺസ് ടീമിലും പരിശീലനവും ലൈസൻസും നേടിയിട്ടുള്ള സ്നേക്ക് റെസ്ക്യൂവർമാർ കൂടി ഉള്ളതിനാൽ പാമ്പുകൾ പോലുള്ള ചെറു വന്യജീവികളെ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവർക്ക് കഴിയും. വന്യമൃഗങ്ങൾ എത്തിപ്പെട്ട സ്ഥലത്ത് കാഴ്ചക്കാർ ഒത്തുകൂടി അപകടമുണ്ടാക്കാതെയും വാഹനങ്ങൾ പാർക്ക് ചെയ്ത് വഴി തടസ്സപ്പെടാതെയും RRT യുടെ വരവും പ്രവർത്തനവും സുഗമമാക്കാൻ PRT അംഗങ്ങൾ പശ്ചാത്തല സൗകര്യം ഒരുക്കും. |
| (ഡി) | പ്രസ്തുത സേനയിലെ അംഗങ്ങൾക്ക് പരിശീലനവും വന്യജീവികളുടെ ജനവാസമേഖലയിലെ സാന്നിധ്യം മനസിലാക്കുന്നതിനും പ്രദേശവാസികളെ അറിയിക്കുന്നതിനും ഉള്ള ആധുനിക സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രൈമറി റെസ്പോൺസ് ടീം അംഗങ്ങളുടെ പരിശീലനങ്ങൾ തുടർന്നു വരുന്നു. വന്യജീവികളുടെ സാന്നിദ്ധ്യത്തെക്കുറിച്ച് പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി വിവിധ മെസ്സേജിംഗ് ആപ്പുകളാണ് നിലവിൽ പ്രൈമറി റെസ്പോൺസ് ടീമുകൾ ഉപയോഗിച്ച് വരുന്നത്. മിഷൻ റിയൽ ടൈം മോണിറ്ററിംഗ് പൂർത്തിയാകുന്നതോടെ വന്യജീവികളുടെ സാന്നിദ്ധ്യം തത്സമയം നിരീക്ഷിച്ച് പ്രദേശവാസികൾക്ക് വിവരം നൽകുന്നതിനുള്ള സാങ്കേതിക സംവിധാനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ